# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

**ഷൊർണ്ണൂർ–വള്ളത്തോൾ നഗർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലെ LC No.1 റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് വേണ്ടി തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

**തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

കേരള റെയിൽ ഡെവൽപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തൃശ്ശൂർ

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്),
രാജഗിരി. പി.ഒ. കളമശേരി, പിൻ: 683 104, കൊച്ചി
ഫോൺ: 0484 2911332/2550785
rajagirisia@gmail.com, outreach@rajagiri.edu
www.rajagiri.edu

31 ആഗസ്റ്റ് 2026

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

## അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.1.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.1.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.1.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.1.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.1.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

## അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

8.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

## അദ്ധ്യായം 9: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

9.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

## അദ്ധ്യായം 10 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

10.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**അദ്ധ്യായം 11: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

11.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

11.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

**പട്ടികകൾ**


1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

5.1.2 പദ്ധതിബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ

11.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2002 ൽ രജിസ്റ്റർ ചെയ്ത ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2026 മാർച്ച് 18 തീയതിയിലെ നമ്പർ 1274, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലാ കളക്ടറുടെ 2026 മാർച്ച് 10 തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/14423/2019 – E4 പ്രകാരം **ഷൊർണ്ണൂർ – വള്ളത്തോൾ നഗർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലെ 'ലെവൽ ക്രോസ്സിങ്ങ് 1' ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB)** നിർമ്മിക്കുന്നതിന് വേണ്ടി തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ചെറുതുരുത്തി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിന്റെ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ന്റെ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം, പാലങ്ങൾ, കലുങ്കുകൾ, റെയിൽവേ പാലങ്ങൾ എന്നിവ രാജ്യത്തിൻെറ വികസനത്തിന് കൂടിയേ തീരൂ. ഇന്ത്യൻ റെയിൽവേ അതിൻെറ വിശാലമായ ശൃംഖലയിൽ ലെവൽ ക്രോസ്സിങ്ങുകൾ മാറ്റി പകരം റെയിൽവെ മേൽപ്പാലങ്ങൾ പണിയുന്നതിന് വളരെ പ്രാധാന്യം കൊടുക്കുന്നു. പാസഞ്ചർ, ചരക്ക് ട്രെയിനുകളുടെ കാര്യക്ഷമതയും സുഗമമായ പ്രവർത്തനവും വർദ്ധിപ്പിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്. നഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും ഗതാഗതം സുഗമമാക്കുന്നതിൽ റെയിൽവേ മേൽപ്പാലങ്ങൾ സഹായമാണ്. റെയിൽവേ മേൽപ്പാലങ്ങൾ ഗതാഗത തടസ്സങ്ങൾ കുറക്കുകയും വാഹനങ്ങളുടെ സുഗമമായ ഒഴുക്ക് പ്രോത്സാഹിപ്പിക്കുകയും യാത്രാ സമയം കുറയ്ക്കുകയും ചെയ്യുന്നു. റെയിൽവേ ബ്രിഡ്ജുകളുടെ നിർമ്മാണത്തിൻെറ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സുരക്ഷയാണ്. റെയിൽവേ ട്രാക്കുകൾ റോഡുകളിൽ നിന്ന് വേർതിരിക്കുന്നതിലൂടെ ട്രെയിനുകളും, വാഹനങ്ങളും കാൽനടയാത്രക്കാരും തമ്മിലുള്ള കൂട്ടിയിടിയുടെ സാധ്യത ഗണ്യമായി കുറയുന്നു. ഈ വേർതിരിവ് സുരക്ഷയിൽ വിട്ടുവീഴ്ച്ച ചെയ്യാതെ വിവിധ ഗതാഗത മാർഗ്ഗങ്ങൾ ഒന്നിച്ച് നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നു.

തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിലെ 'ലെവൽ ക്രോസ്സിങ്ങ് നമ്പർ 1' ൽ ഒരു റോഡ് ഓവർ ബ്രിഡ്ജ് നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സെക്ഷൻ, പാലക്കാട് ഡിവിഷനിൽ ഉൾപ്പെടുന്ന വലിയ ഗതാഗത തിരക്കുള്ള, വലിയ സ്പീഡ് നിയന്ത്രണങ്ങളുള്ള ഒരു റെയിൽ പാതയാണ്. ഈ ഭാഗത്തെ ഒരു പ്രധാന ലെവൽ ക്രോസ്സിങ്ങ് ആണ് ലെവൽ ക്രോസ്സ് നമ്പർ 1. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക്

കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയുകയും, യാത്രക്കാരുടെ സുരക്ഷാ സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b)യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ റെയിൽവെ മേൽപ്പാലങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

തൃശ്ശൂർ ജില്ലയിൽ 'ലെവൽ ക്രോസ്സിങ്ങ് 1' ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങൾ പ്രധാനമായും വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്തിലെ 4, 5 വാർഡുകളിൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2026 മാർച്ച് 18–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 15, നമ്പർ 1274 ൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2026 മാർച്ച് 10–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/14423/2019 – E4 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട ചെറുതുരുത്തി വില്ലേജിൽ നിന്ന് 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| ജില്ല : തൃശ്ശൂർ | താലൂക്ക് : തലപ്പിള്ളി | | വില്ലേജ് : ചെറുതുരുത്തി |
|---|---|---|---|
| **ക്രമ ന:** | **സർവ്വെ ന:** | **വിവരണം** | **വിസ്തീർണ്ണം** ഹെക്ടറിൽ |
| 1 | 343, 350, 351, 357, 488, 489, 500, 501, 509, 510, 513, 758, 759, 776, 777, 792 | പുരയിടം, നിലം | 0.47 |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിലെ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരമായി ഒരു റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുമ്പോൾ, ചില ഭാഗങ്ങളിൽ വളവുകൾ നിവർത്തുന്നതൊഴികെ ഭൂരിഭാഗം ഭാഗവും നിലവിലുള്ള അപ്രോച്ച് റോഡ് വീതി കൂട്ടുകയാണ് ചെയ്യുന്നത്. ആയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിന് ഇവിടെ പ്രസക്തിയില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തലപ്പിള്ളി വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും സമീപ പ്രദേശത്ത് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ–സാമ്പത്തിക സർവ്വേയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിലെ 17 ഭൂവുടമകളിൽ നിന്നും, റെയിൽവെ പുറമ്പോക്ക്/പട്ടയമില്ലാത്ത ഭൂമിയിൽ ഉപജീവനം നടത്തുകയൊ, താമസിക്കുകയൊ ചെയ്യുന്ന 3 പദ്ധതി ബാധിതരിൽ നിന്നുമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്. കൂടാതെ, പദ്ധതി പ്രദേശത്ത് താമസിക്കുന്ന ചില വ്യക്തികളുമായി അനൗദ്യോഗിക സംഭാഷണം നടത്തുകയും ചെയ്തു. പ്രദേശത്തെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുക, ഭൂമിയുടെ അളവ് കുറയുക, ചുറ്റുമതിൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടുന്നതു മൂലം കുടിയൊഴിപ്പിക്കപ്പെടേണ്ടിവരുക, ഉപജീവന മാർഗ്ഗം, വരുമാനം നഷ്ടപ്പെടുക, തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുക, എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ.

*പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ*

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | **ആഘാത ബാധിത മാകുന്ന** *കുടുംബ ങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **ഭൂമിപദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷടമാകൽ/ അളവ്കുറയൽ | 22 *കുടുംബങ്ങൾ* | ▪ 18 ഭൂവുടമകൾക്ക് കൈവശഭൂമിയുടെ അളവ് കുറയുകയൊ, പൂർണ്ണമായി നഷ്ടപ്പെടുകയൊ ചെയ്യും.<br>▪ 1 കുടുംബത്തിന് താമസിക്കുന്ന ഭൂമിക്ക് സ്വന്തം പട്ടയമില്ല.<br>▪ 3 കുടുംബങ്ങൾക്ക് റെയിൽവെ പുറമ്പോക്ക് ഭൂമിയിലുള്ള കടമുറികൾ പൂർണ്ണമായി നഷ്ടപ്പെടും |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 7 ഭൂവുടമകൾ | ▪ 3 ഭൂവുടമകളുടെ വീട് പൂർണ്ണമായും, മറ്റ് 3 ഉടമകൾക്ക് ഭാഗികമായും ഒരാൾക്ക് ചെറിയ തോതിലും, ബാധിതമാകും. |
| 3 | കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ | 3 ഭൂവുടമകൾ | പദ്ധതി പ്രദേശത്ത് താമസിക്കുന്ന 3 കുടുംബങ്ങൾകുടിയൊഴിപ്പിക്കപ്പെടുന്നു. |
| | | 1 വാടകക്കാർ | വാടകക്ക് താമസിക്കുന്ന ഒരു കുടുംബം ഒഴിപ്പിക്കപ്പെടുന്നു. |
| 4 | അവശ്യസൗകര്യങ്ങൾ | 7 ഭൂവുടമകൾ | കിണർ (6), വാട്ടർ കണക്ഷൻ (2), ശൗചാലയം (2), സെപ്റ്റിക്ക് ടാങ്ക് (1), |
| 5 | മറ്റ് നിർമ്മിതികൾ | 13 ഭൂവുടമകൾ | ചുറ്റുമതിൽ (11), ഗേറ്റ് (9), മുറ്റത്ത് പാകിയ ടൈൽസ് (3) |
| **വ്യാപാര സ്ഥാപനങ്ങൾ / മറ്റ് കെട്ടിടങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 6 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ | 4 ഭൂവുടമകൾ | ▪ 2 ഭൂവുടമകൾക്ക് പൂർണ്ണമായും, മറ്റ് രണ്ട് ഉടമകൾക്ക് ഭാഗികമായും വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ബാധിക്കപ്പെടും. |
| | അനുബന്ധ സൗകര്യങ്ങൾ/ നിർമ്മിതികൾ | 2 ഭൂവുടമകൾ | ▪ 2 സ്ഥാപനങ്ങളുടെ ചുറ്റുമതിൽ, ഗേറ്റ്, ടൈൽസ് എന്നിവ ബാധിതമാകും |

| | | | |
|---|---|---|---|
| **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | | |
| 7 | കൃഷി/ മരങ്ങൾ നഷ്ടമാകൽ | 9 ഭൂവുടമകൾ | തെങ്ങ് (7), മാവ് (8), പ്ലാവ് (5), കവുങ്ങ്, കുരുമുളക്, വേപ്പില, മുരിങ്ങ, നെല്ലി, വാഴ, ആര്യ വേപ്പ്, പപ്പായ |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | 7 ഭൂവുടമകൾ | • 4 കുടുംബങ്ങൾക്ക് കച്ചവട സ്ഥാപനം/സ്വയം തൊഴിൽ സംരംഭം പദ്ധതി ബാധിതമാകുന്നു.<br>• 3 കുടുംബങ്ങൾക്ക് കെട്ടിടത്തിൻെറ വാടകയിനത്തിൽ (കച്ചവട സ്ഥാപനം/വീട്) ലഭിക്കുന്ന ഉപജീവന മാർഗ്ഗം നഷ്ടപ്പെടും |
| | | വാടകക്കാർ/ തൊഴിലാളികൾ | • വർഷങ്ങളായി പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ കച്ചവടം ചെയ്ത് ഉപജീവനം നടത്തുന്ന വാടകക്കാർ / തൊഴിലാളികൾ |
| 7 | വരുമാനം നഷ്ടമാകൽ | 2 ഭൂവുടമകൾ | • പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൻെറ വാടകയിനത്തിലുള്ള വരുമാനം നഷ്ടപ്പെടും |
| **അവശേഷിക്കുന്നസ്ഥലത്തിൻെറ ഉപയുക്തത** | | | |
| 8 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | 3 ഭൂവുടമകൾ | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് മതിയാകില്ല എന്ന് 3 ഭൂവുടമകൾ അറിയിച്ചു. |
| **പ്രവേശനമാർഗം തടസ്സപ്പെടൽ** | | | |
| 9 | നിർമ്മാണഘട്ടത്തിൽ പ്രവേശന മാർഗം തടസ്സപ്പെടൽ | 2 ഭൂവുടമകൾ | നിർമ്മാണ ഘട്ടത്തിൽ തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശനം തടസ്സപ്പെട്ടേക്കാം എന്ന് ആശങ്കപ്പെടുന്നു. |
| **മറ്റ്പ്രത്യാഘാതങ്ങൾ** | | | |
| 10 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 11 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 7 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 8 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാത്ത വിധത്തിൽ മതിയായ ക്രമീകരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം. |
| 9 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് |

| | | |
|---|---|---|
| | | തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| **10** | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| **11** | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും നിലവിലെ റോഡിലൂടെ യാത്ര ചെയ്യുന്നവരുടേയും സുരക്ഷി തത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻക രുതലുകൾ സ്വീകരിക്കണം |
| **12** | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| **13** | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാ ക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിലെ 'ലെവൽ ക്രോസ്സിങ്ങ് നമ്പർ 1' ൽ റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപ്പിലാക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ (കണ്ടിജൻസി ചാർജ് ഉൾപ്പടെ) നടപടികൾക്കായി 02.08.2025 തീയതിയിലെ ഉത്തരവ് നമ്പർ സ.ഉ (സാധാ) നം.1175/2025/PWD പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) ആണ് പദ്ധതിയുടെ നിർവ്വാഹകരായി ചുമതലപ്പെട്ടിട്ടുള്ളത്. നിലവിൽ 66 റെയിൽവേ മേൽപ്പാലങ്ങൾ/അടിപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തി കെ.ആർ. ഡി.സി.എൽ നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), തൃശ്ശൂർ ആയിരിക്കും.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ റെയിൽവേ പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ–വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്നതും, പാലക്കാട് റെയിൽവെ ഡിവിഷന്റെ പരിധിയിൽ റെയിൽവെ കിലോമീറ്റർ 1/800–850 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ ഈ ലെവൽ ക്രോസ്സ് ദിവസത്തിൽ പല തവണ അടച്ചിടുന്നതിനാൽ, ഈ

റൂട്ടിൽ വലിയ ട്രാഫിക് ബ്ലോക്കാണ് ഇടക്കിടക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്. ഈ ലെവൽ ക്രോസ്സിങ്ങിലെ (LC 1 ൽ) ടോട്ടൽ ട്രെയിൻ വെഹിക്കിൽ യൂണിറ്റ് (TVU) (ട്രാഫിക് ഡെൻസിറ്റി) ഒരു ലക്ഷത്തിൽ അധികമാണ്. റെയിൽ ഗതാഗത സേവനങ്ങളുടെ എഫിഷ്യൻസിയെ ഈ ലെവൽ ക്രോസ്സിങ്ങ് വളരെ മോശമായി ബാധിക്കുന്നു. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയുകയും, യാത്രക്കാരുടെ സുരക്ഷാ സാധ്യത കൾ വർദ്ധിക്കുകയും ചെയ്യും. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b)യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ റയിൽവെ മേൽപ്പാലങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകളിൽ ഉൾപ്പെടുന്നതും, ചെറുതുരുത്തി വില്ലേജിൽ നിന്നുള്ളതുമായ സ്ഥലങ്ങളാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്നത്.

ഒരു വശത്ത് നടപ്പാതയോട് കൂടിയ റോഡ് ഓവർ ബ്രിഡ്ജ് ആണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ROB യുടെ നീളം ഏകദേശം 430 മീറ്ററും, ആകെ വീതി 10.20 മീറ്ററുമാണ്. ഇതിൽ 7.50 മീറ്റർ കാരേജ് വേയും 1.50 മീറ്റർ നടപ്പാതയും ഉൾപ്പെടുന്നു. കൂടാതെ ROB യുടെ ഇരുവശങ്ങളിലും RCC ക്രാഷ് ബാരിയേഴ്സും, നടപ്പാതയുടെ പുറത്തെ വശത്ത് കൈവരിയും ഉണ്ടായിരിക്കും. സമീപത്തുള്ള വസ്തുവകകളിലേക്ക് പ്രവേശിക്കുന്നതിനായി സർവ്വീസ് റോഡും പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. പ്രദേശത്തെ റോഡ് /റെയിൽവേ ഗതാഗത സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുക, യാത്രികരുടെ സമയം, ഇന്ധനം എന്നിവ ലാഭിക്കുക, ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുക തുടങ്ങിയവയാണ് പദ്ധതി യുടെ പ്രധാന ലക്ഷ്യങ്ങൾ. ഏകദേശം 42.42 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കൽ ഉൾപ്പടെ ROB നിർമ്മാണത്തിനായി കണക്കാക്കിയിട്ടുള്ളത്. പൊതുമരാമത്ത് (ഡി) വകുപ്പിൻെറ 02.08.2025 തീയതിയിലെ ഉത്തരവ് സ.ഉ (സാധാ) നം.1175/2025/PWD പ്രകാരം തൃശ്ശൂർ ജില്ലയിലെ പൈങ്കുളം / ചേലക്കര ഗേറ്റ് (L.C No.01) റെയിൽവെ മേൽപ്പാല

ത്തിൻെറ ഭൂമി ഏറ്റെടുക്കൽ, കണ്ടിജൻസി ചാർജ് എന്നിവക്കായി 13,32,68,000/- (പതിമൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

വലിയ വളവുകളിലൊഴികെ, ബാക്കി സ്ഥലങ്ങളിലെല്ലാം നിലവിലുള്ള റോഡിലൂടെയാണ് റെയിൽവെ ഓവർബ്രിഡ്ജിന് വേണ്ടിയുള്ള അലൈൻമെൻറ് പോകുന്നത് എന്നതിനാൽ പദ്ധതിക്കായി ഇതര മാർഗ്ഗങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല.

**2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ശേഷം മേൽപ്പാലത്തിൻെറയും അപ്രോച്ച് റോഡ് / സർവ്വീസ് റോഡിൻെറയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കും.

**2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

നിർദ്ദിഷ്ട പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് ഇന്ത്യൻ റെയിൽവേ, ഇന്ത്യൻ റോഡ് കോൺഗ്രസ്സ് എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്. നിലവിലെ അലൈൻമെൻറ് പ്രകാരം ഒരു വശത്ത് നടപ്പാതയോട് കൂടിയ റോഡ് ഓവർ ബ്രിഡ്ജ് (ROB) ആണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ROB യുടെ ആകെ നീളം 430 മീറ്ററും, ആകെ വീതി 10.20 മീറ്ററുമാണ്. ഇതിൽ 7.50 മീറ്റർ കാരേജ് വേയും ഒരു വശത്ത് 1.50 മീറ്റർ നടപ്പാതയും ഉൾപ്പെടുന്നു. കൂടാതെ, ROB യുടെ ഇരുവശങ്ങളിലും RCC ക്രാഷ് ബാരിയേഴ്സും, നടപ്പാതയുടെ പുറത്തെ വശത്ത് കൈവരിയും ഉണ്ടായിരിക്കും. റെയിൽവെ ട്രാക്കിൻെറ ഇരുവശങ്ങളിലും സമീപവാസികൾക്ക് സുരക്ഷിതമായി ക്രോസ്സ് ചെയ്യുന്നതിനായി സ്റ്റെയേഴ്സും ഉണ്ടായിരിക്കും. ജനങ്ങൾക്ക് സമീപത്തുള്ള തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശിക്കുന്നതിനായി സർവ്വീസ് റോഡും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

നിലവിലുള്ള റോഡിലൂടെ പദ്ധതിയുടെ അലൈൻമെൻറ് പോകുന്ന സ്ഥലങ്ങളിൽ സർവ്വീസ് റോഡും, ആവശ്യമായ സ്ഥലങ്ങളിൽ ഡ്രെയിനേജ് സൗകര്യങ്ങളും പദ്ധതിക്ക് ആവശ്യമാണ്. നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ നിലവിലെ റോഡിലൂടെയുള്ള

ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ, വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ടെലഫോൺ പോസ്റ്റുകൾ, വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ, കമ്മ്യൂണിക്കേഷൻ കേബിളുകൾ, പവർ കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കണം.

**2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി**

പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പിന്നീട് നിർമ്മാണത്തിന് ശേഷം നിശ്ചിത ഇടവേളകളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനും തൊഴിൽ ശക്തി ആവശ്യമാണ്. പദ്ധതി നിർമ്മാണ ഘട്ടത്തിൽ മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയൊ ടെക്നിക്കൽ സർവ്വെ, എന്നിവ കെ.ആർ.ഡി.സി.എല്ലും, ലെവൽ ക്രോസ്സിങ്ങ് 1 ലെ ടി.യു.വി (ട്രാഫിക് ഡെൻസിറ്റി) മനസ്സിലാക്കുന്നതിനായി ട്രാഫിക് സർവ്വെ ഇന്ത്യൻ റെയിൽ വേയും നടത്തിയിട്ടുണ്ട്. മറ്റ് ഏതെങ്കിലും പഠനം നടത്തിയതായി അർത്ഥനാധികാരിയിൽ നിന്നും വിവരം ലഭ്യമായിട്ടില്ല. പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട ചെറുതുരുത്തി വില്ലേജിൽ നിന്നും 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതി യിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം

- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിലെ 'ലെവൽ ക്രോസ്സിങ്ങ് നമ്പർ 1' ന് പകരം ഒരു റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട ചെറുതുരുത്തി വില്ലേജിൽ നിന്ന് 0.47 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് 2026 മാർച്ച് 18–ാം തിയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) തൃശ്ശൂർ ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തിയ 2026 മാർച്ച് 10–ാം തിയതിയിലെ വിജ്ഞാപനം നമ്പർ DCTSR/14423/2019-E4 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ- സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| **1** | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 17 വർഷത്തെ പ്രവർത്തന പരിചയം |
| **2** | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| **3** | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 9 വർഷത്തെ പ്രവർത്തന പരിചയം |
| **4** | മീന കുരുവിള | എം.എസ്.ഡബ്ല്യു, ചെയർപേഴ്സൺ | വികസനമേഖലയിൽ 39 വർഷത്തെ പ്രവർത്തന പരിചയം |
| **5** | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം |
| **6** | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| **7** | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത ഭൂവുടമകൾക്കും മറ്റ് വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുക എന്നിവയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത

ഭൂവുടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത ഭൂവുട മകളുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, ഏറ്റെടുക്കപ്പെടുന്ന ഭൂമി പരിശോധിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ബാധിത ഭൂമിയുടെ ഉടമകൾ/അവരുടെ പ്രതിനിധികളുമായി പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, ഭൂവുടമ കളെക്കുറിച്ചുള്ള വിവരങ്ങൾ, ഉടമയുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെ ക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഭൂവുടമയ്ക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ ജനറൽ മാനേജർ, കേരള റെയിൽ ഡവലപ്പമെൻറ് കോർപ്പറേഷൻ ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും ഏറ്റെടുക്ക പ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (ജനറൽ), തൃശ്ശൂർ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമകളുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത കുടുംബ ങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും കൂടി ഉൾപ്പെടു ത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും, പദ്ധതി ബാധിത സ്ഥലങ്ങൾ നിരീക്ഷിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ അടയാളപ്പെടുത്തുകയും പദ്ധതി ബാധിത ഭൂമിയുടെ ഉടമകളെ കണ്ടെത്തുകയും, അവരിൽ നിന്ന് / അവരുടെ പ്രതിനിധിയിൽ നിന്ന് സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം സ്വകാര്യ ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിതരുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, പദ്ധതി ബാധിത ഭൂവുടമകളുമായി ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. അർത്ഥനാധികാരിയായ ജനറൽ മാനേജർ, കേരള റെയിൽ ഡവലപ്പമെൻറ് കോർപ്പറേഷൻ ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (ജനറൽ), തൃശ്ശൂർ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

## 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത കുടുംബങ്ങളുമായി അഭിമുഖം

- ❖ കേരള റെയിൽ ഡവലപ്പമെൻറ് കോർപ്പറേഷൻ ലിമിറ്റഡ് പ്രതിനിധികളുമായും, ജനപ്രതിനിധികളുമായും മറ്റ് പ്രദേശവാസികളുമായും അഭിമുഖം
- ❖ കരട് രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും
- ❖ പബ്ലിക് ഹിയറിംഗ് - 18.08.2026 ചൊവ്വാഴ്ച്ച പകൽ 11.00 മണിക്ക്.
- ❖ അന്തിമ രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും

***പബ്ലിക് ഹിയറിങ്ങ്***

ഷൊർണ്ണൂർ ഷൊർണ്ണൂർ–വള്ളത്തോൾ നഗർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലെ LC No.1 റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്ന് ഏകദേശം 0.47 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 18.08.2026 തീയ്യതി വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് (ഷീലോഡ്ജ്) ഹാളിൽ വച്ച് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചു.

പകൽ 11 ന് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, ഡവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ്, രാജഗിരി ഔട്ട്റീച്ച്, പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ജനപ്രതിനിധികളേയും, ഉദ്യോഗസ്ഥരേയും, പദ്ധതി ബാധിതരേയും സ്വാഗതം ചെയ്തു. ശ്രീമതി. മീന കുരുവിള, ചെയർപേഴ്സൺ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു.




**ശ്രീ.ബിജു സി.പി, SIA കോർഡിനേറ്റർ സ്വാഗതം ആശംസിക്കുന്നു.**





**ശ്രീമതി. മീന കുരുവിള, ചെയർപേഴ്സൺ, SIA യൂണിറ്റ് ആമുഖ പ്രഭാഷണം നടത്തുന്നു.**

ശ്രീമതി. സ്മിത ടി, പ്രസിഡൻറ്, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പബ്ലിക് ഹിയറിങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ റെയിൽവേ മേൽപ്പാലം പ്രദേശത്തിൻെറ ആവശ്യമാണെന്നും, എന്നാൽ അതോടൊപ്പം പദ്ധതി ബാധിതരുടെ ആശങ്കകൾ/പരാതികൾ അനുഭാവ പൂർണ്ണം പരിഗണിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

വാർഡ് മെമ്പർമാരായ ശ്രീ.വി.ആർ അനൂപ്, ശ്രീമതി. സൽമ പി.എ എന്നിവരും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു.




**ശ്രീമതി. സ്മിത ടി, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു**




**ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ് കരട് രേഖ അവതരിപ്പിക്കുന്നു**

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട്, പദ്ധതിബാധിതരും, ജനപ്രതിനിധി കളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരുൾപ്പെടെയുള്ള പൊതുജനങ്ങളും പദ്ധതിയെക്കു റിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്ക

കളും പങ്കു വച്ചു. ശ്രീ.രാമചന്ദ്രൻ പി, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ജനറൽ, തൃശ്ശൂർ, ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും അർത്ഥനാധി കാരിയായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിൽ (KRDCL) നിന്നും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായ ജോയിൻറ് ജനറൽ മാനേജർ ശ്രീ ഹരിദാസൻ.എസ്, സെക്ഷൻ എഞ്ചിനീയർ ശ്രീ മിഥുൻ ജോസഫ് എന്നിവർ പദ്ധതിയുടെ രൂപ രേഖ, വലിപ്പം, മറ്റ് സൗകര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിലും വിശദമായി സംസാരിക്കുകയും അതുമായി ബന്ധപ്പെട്ടുള്ള ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.




**ശ്രീ.രാമചന്ദ്രൻ പി, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ജനറൽ, തൃശ്ശൂർ സംസാരിക്കുന്നു**



**ശ്രീ മിഥുൻ ജോസഫ് സെക്ഷൻ എഞ്ചിനീയർ, KRDCL സംസാരിക്കുന്നു**



പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.










**പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.**

യോഗത്തിൽ പങ്കെടുത്ത ഭൂവുടമകളും ജനപ്രതിനിധികളും ഉൾപ്പെടെ എല്ലാവരും തന്നെ റെയിൽവെ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ പദ്ധതിയോട് വളരെ സ്വാഗതാർഹമായ സമീപനമാണ് പങ്ക് വച്ചത്. എന്നാൽ, പദ്ധതി ബാധിതർക്ക് മാന്യമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും, വീട് നഷ്ടപ്പെടുന്നവർക്കും, കുടിയൊഴിക്കപ്പെടുന്ന വർക്കും പ്രത്യേക പരിഗണന നൽകണമെന്നും ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ ആവശ്യപ്പെട്ടു. കൂടാതെ, പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശവാസികൾക്കും ഉണ്ടാകാൻ സാധ്യതയുള്ള പല വിധത്തിലുള്ള ആഘാതങ്ങളെ കുറിച്ചുള്ള ആശങ്കകളും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. പൈലിങ്ങ് പ്രവർത്തികൾ നടത്തുമ്പോൾ സമീപത്തെ വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ, നിർമ്മാണ പ്രവർത്തി നടക്കുമ്പോൾ പൊടിശല്യം മൂലം രോഗികൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ, വഴി തടസ്സപ്പെടുമൊ എന്ന ആശങ്ക, ഏറ്റെടു ക്കലിന് ശേഷം ബാക്കി വരുന്ന ഭൂമി ഉപയോഗ ശൂന്യമാകുമൊ എന്ന ആശങ്ക, കെട്ടിട ങ്ങൾ, ഓട്ടൊ സ്റ്റാൻറ് എന്നിവ ബാധിക്കപ്പെടുമ്പോൾ, വാടകക്കാർ, ഓട്ടൊ ഡ്രൈവർമാർ ഉൾപ്പടെയുള്ള തൊഴിലാളികൾ എന്നിവർക്ക് ഉപജീവനം ബാധിക്കപ്പെടുമൊ എന്ന ആശങ്ക, വീട് / കെട്ടിടങ്ങൾ എന്നിവയോട് ചേർന്ന് അലൈൻമെൻറ് പോകുന്നത് മൂലമുള്ള ആശങ്ക, സ്ഥലത്തിന് മധ്യത്തിലൂടെ അലൈൻമെൻറ് പോകുന്നത് മൂലം സ്ഥലം ഉപയോഗ ശൂന്യമാകുന്നതിൻെറ ആശങ്ക, വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് മറ്റൊരു സ്ഥലം വാങ്ങിക്കുന്നതിന് തക്കതായ നഷ്ട പരിഹാരം ലഭിക്കുമൊ എന്ന ആശങ്ക തുടങ്ങി പല വിധ ആശങ്കകളും യോഗത്തിൽ ഉന്നയിക്കപ്പെട്ടു.

മറുപടി പ്രസംഗത്തിൽ RFCT LARR Act 2013 പ്രകാരമുള്ള ന്യായമായ നഷ്ട പരിഹാരം തന്നെ അർഹരായ പദ്ധതി ബാധിതർക്ക് ലഭിക്കുമെന്നും, ആരുടേയും നിലവിലുള്ള വഴിയൊ പ്രവേശന മാർഗ്ഗമൊ തടസ്സപ്പെടില്ലെന്നും കഴിയുന്നത്ര ആഘാതം കുറവ് വരുന്ന രീതിയിലുള്ള നടപടികൾക്ക് ശ്രമിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. *(ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും വിശദമായി പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു).*

പബ്ലിക് ഹിയറിങ്ങിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, ഓഫീസിൽ നിന്നും വാല്യുവേഷൻ അസിസ്റ്റൻറ് ശ്രീമതി ബുഷ്റ കെ.എ, സർവ്വേയർ ശ്രീമതി സിജിമോൾ എസ്, റവന്യു ഇൻസ്പെക്ടർ ശ്രീ രാജേഷ് ടി.കെ, ചെയിൻമാൻ ശ്രീ ധീരജ് പി.എം,

എന്നിവരും ചെറുതുരുത്തി വില്ലേജ് ഓഫീസിൽ നിന്നും സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീമതി സംഗീത വി.ജി യും സന്നിഹിതരായിരുന്നു.




**ശ്രീ.വർഗ്ഗീസ് കെ. ഒ നന്ദിയർപ്പിച്ചു സംസാരിക്കുന്നു.**

രാജഗിരി ഔട്ട്റീച്ചിൽ നിന്നും റിസർച്ച് അസിസ്റ്റൻറ് ശ്രീ.വർഗ്ഗീസ് കെ. ഒ പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായവർക്ക് നന്ദിയർപ്പിച്ചു സംസാരിച്ചു. യോഗം കൃത്യം 1.15 pm ന് അവസാനിച്ചു.

**പട്ടിക 3.5.1. 28.08.2026** തീയതി പകൽ 11.00 ന് വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് ഹാളിൽ (ഷീ ലോഡ്ജ്) വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

| **ക്രമ നമ്പർ** | **ചോദ്യകർത്താവിൻെറ പേര് /സർവ്വെ നമ്പർ** | **ചോദ്യം/ആശങ്ക** | **ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി ( KRDCL / LAO)*** |
|---|---|---|---|
| **I. പദ്ധതി ബാധിതർ ( ഭൂവുടമകൾ / മറ്റുള്ളവർ)** | | | |
| 1 | രാധാകൃഷ്ണൻ (351/2-2) | അലൈൻമെൻറ് ആരംഭിക്കുന്നത് എവിടെ നിന്നാണ്? നിലവിലുള്ള കുറ്റി പ്രകാരം സൈഡിൽ 3-4 വീടുകളുണ്ട് അങ്ങോട്ടുള്ള വഴി എങ്ങനെയാകും എന്ന ആശങ്കയുണ്ട്. സർവ്വീസ് റോഡ് വരുമൊ? ഉണ്ടെങ്കിൽ അത് രണ്ട് സൈഡിലും ഉണ്ടാകുമൊ?<br><br>അവിടെ പൈലിങ്ങ് ഉണ്ടാകുമൊ?അങ്ങനെയെങ്കിൽ അത് വീടിനെ ബാധിക്കുമൊ? നിർമ്മാണ പ്രവർത്തി നടക്കുമ്പോൾ പൊടി ശല്യം ബുദ്ധിമുട്ടു ണ്ടാക്കുമൊ? | ROB ക്ക് വേണ്ടിയുള്ള സ്ഥലം കൃത്യമായി അതിർത്തികല്ലിട്ട് അടയാളപ്പെടുത്തിയിട്ടുണ്ട്. പാലം നിർമ്മാണം മൂലം വഴി തടസ്സപ്പെടുന്ന എല്ലാവർക്കും സർവ്വീസ് റോഡ് വഴി ഗതാഗതം ഉറപ്പ് വരുത്തുന്നതാണ്. (KRDCL)<br><br>പൈലിങ്ങ് ഹൈഡ്രോളിക് സംവിധാനം വഴിയായിരിക്കും അത് മൂലം അമിത ബുദ്ധിമുട്ടുകൾ പ്രതീക്ഷിക്കുന്നില്ല. (KRDCL) |
| 2 | സുരേന്ദ്രൻ (488) | 15 വർഷമായി പ്ലംബിങ്ങ് മെറ്റീരിയത്സ് ഹോൾസെയിലായി വിൽക്കുന്ന സ്ഥാപനം നടത്തി വരുന്നു. നിലവിലെ അലൈൻമെൻറ് പ്രകാരം സ്ഥാപനം അവിടെ തുടരാനാവില്ല. ഈ സ്ഥാപനത്തിൻെറ പ്രവർത്തനം നിറുത്താൻ | LARR Act 2013 അനുസരിച്ച് സ്ഥലമെടുപ്പ് തഹസിൽദാർ നടപടി എടുക്കുന്നതായിരിക്കും. (KRDCL) |

| | | | |
|---|---|---|---|
| | | സാധിക്കില്ല. അത് കൊണ്ട് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമയവും സൗകര്യങ്ങളും ഒരുക്കി തരണം. അഞ്ച് തൊഴിലാളികളുണ്ട് അവരുടെ ഉപജീവനം തടസ്സപ്പെടും. ആയതിനാൽ പകരം സൗകര്യങ്ങൾ ഒരുക്കിയിട്ട് വേണം നിർമ്മാണ പ്രവർത്തി തുടങ്ങാൻ.<br><br>സ്ഥാപനത്തോട് ചേർന്ന് പിന്നിലായി വീടുണ്ട്. വീട്ടിലേക്കുള്ള വഴി നിർമ്മാണ സമയത്ത് തടസ്സപ്പെടരുത്. | വീട്ടിലേക്കുള്ള വഴി തടസ്സപ്പെടാത്ത രീതിയിൽ സൗകര്യപ്പെടുത്തുന്നതായിരിക്കും. (KRDCL) |
| 3 | യൂസഫ് എം.എ (501/4-5) | വീട് ഭാഗികമായാണ് പോകുന്നത്. എന്നാൽ, പിന്നീട് അവിടെ താമസിക്കാൻ സാധിക്കില്ല. മറ്റൊരു വീട് പണിയാനും സ്ഥലമില്ല. അത്കൊണ്ട് വീട് പൂർണ്ണമായി ഏറ്റെടുക്കണം. | നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് വീടിന്റെ സ്ഥിതി പരിശോദിച്ച് നടപടി എടുക്കുന്നതായിരിക്കും (KRDCL) |
| 4 | സുജിത എ.കെ, വിവേക് എ നായർ (500/2-2) | നിലവിൽ അടഞ്ഞ് കിടക്കുന്ന വീട് പൂർണ്ണമായും നഷ്ടപ്പെടും. കിണർ, വൃക്ഷങ്ങൾ എന്നിവയും നഷ്ടപ്പെടും.<br><br>ഏറ്റെടുക്കലിന് ശേഷം കുറച്ച് സ്ഥലം മാത്രം അവശേഷിക്കുന്നു. അത് കൂടി ഏറ്റെടുത്ത് വീടിനും സ്ഥലത്തിനും ന്യായമായ നഷ്ടപരിഹാരം നൽകണം. | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെയും വീടിന്റെയും നഷ്ടപരിഹാരം LARR Act 2013 അനുസരിച്ച് തീരുമാനിക്കുന്നതായിരിക്കും. (KRDCL)<br><br>റിക്വസിഷൻ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും തുടർ നടപടി സ്വീകരിക്കുക (LAO) |

| | | | |
|---|---|---|---|
| 5 | അബൂബക്കർ<br>കെ.വി (489) | 26 വർഷമായി പ്രവർത്തിക്കുന്ന ഹോളോബ്രിക്സ് കമ്പനിയുടെ നടുവിലൂടെ അലൈൻമെൻറ് പോകുന്നു. 4 മലയാളികളും 14 മൈഗ്രൻറ് ജോലി ക്കാരുമുൾപ്പടെ യുള്ള വരുടെ തൊഴിൽ ബാധിക്കുന്നു.<br><br>കൂടാതെ, വീടിനോട് ചേർന്നാണ് അലൈൻമെൻറ് കുറ്റി സ്ഥാപിച്ചിരിക്കുന്നത്. ഭാര്യ 10 വർഷമായി അസുഖബാധിതയാണ് ആയതിനാൽ ഈ കുറ്റി 3 മീറ്റർ മാറ്റി സ്ഥാപിക്കണം. അല്ലെങ്കിൽ, പൊടി വളരെയധികം വരുന്നത് മൂലം ഭാര്യയുടെ അസുഖം കൂടാൻ സാധ്യതയുണ്ട്. | തൊഴിൽ നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് LARR Act 2013 അനുസരിച്ച് സ്ഥല മെടുപ്പ് തഹസിൽദാർ നടപടി എടുക്കുന്ന തായിരിക്കും. (KRDCL & LAO)<br><br>നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപി ച്ചിരിക്കുന്നത് പാലത്തിനും അനുബന്ധ സർവ്വീസ് റോഡിനും അത്യാവശ്യമുള്ള ത് മാത്രമാണ്. ഇതിൽ മാറ്റം ഈ നിലയിൽ സാധ്യമല്ല. (KRDCL) |
| 6 | മൈമുന (509/2 pt) | കിണറിനോട് ചേർന്നാണ് അലൈൻമെൻറ് പോകു ന്നത്. കിണറിനും, കുടിവെള്ളത്തിനും എന്തെങ്കിലും സംഭവിക്കുമൊ എന്ന് ആശങ്ക | കിണറിനും കുടിവെള്ളത്തിനും പ്രശ്നങ്ങൾ പ്രതീക്ഷിക്കുന്നില്ല. (KRDCL) |
| 7 | പ്രസന്നക്ക് വേണ്ടി സഹോദരൻ മണികണ്ഠൻ (509/PT-1) | ആകെയുള്ള മൂന്നര സെൻറ് സ്ഥലത്തിൽ നിന്ന് സ്ഥലം നഷ്ടപ്പെടുകയും വീട് ടച്ച് ചെയ്ത് പോവു കയും ചെയ്യുന്നു. ബാക്കി സ്ഥലവും കൊണ്ട് ഒന്നും ചെയ്യാൻ സാധിക്കില്ല. ആയതിനാൽ വീടും സ്ഥലവും പൂർണ്ണമായി ഏറ്റേടുത്ത് ന്യായമായ നഷ്ടപരിഹാരം നൽകണം. | ഏറ്റെടുക്കുന്ന സ്ഥലത്തേയും നഷ്ട പരിഹാരത്തേയും സംബന്ധിച്ച് LARR Act 2013 അനുസരിച്ച് സ്ഥലമെടുപ്പ് തഹസിൽദാർ തീരുമാനിക്കുന്നതായിരിക്കും. (KRDCL) |

| | | | |
|---|---|---|---|
| | | | റികവസിഷൻ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ് (LAO) |
| 8 | അബ്ദുൾ ഹമീദ് (509/6 pt) | വീട് റോഡിൽ നിന്നും ഉയരത്തിൽ ആയത്കൊണ്ട് നിർമ്മാണത്തിന് ശേഷം വീട്ടിലേക്ക് വഴി ഉണ്ടാകില്ല. വഴി ഉണ്ടാക്കി തരണം. | നിലവിലുള്ള രീതിക്ക് അനുസൃതമായി വീട്ടിലേക്ക് വഴി ഉണ്ടാകുന്നതായിരിക്കും. (KRDCL) |
| 9 | ലത കെ.ബി (500) | രണ്ട് വീട് പൂർണ്ണമായും പോകും. ബാക്കി സ്ഥലം ഉപയോഗ ശൂന്യം. അത് കൂടി ഏറ്റെടുത്ത് മാന്യമായ നഷ്ട പരിഹാരം നൽകണം | LARR Act 2013 അനുസരിച്ച് സ്ഥല മെടുപ്പ് തഹസിൽദാർ തീരുമാനിക്കുന്ന തായിരിക്കും. (KRDCL)<br>റികവസിഷൻ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ് (LAO) |
| 10 | വസന്തക്ക് വേണ്ടി മകൾ ഉഷ (509/8 pt) | വസന്തക്ക് വേണ്ടി മകൾ ഉഷ റെയിൽ വെ പാച്ച് ഡബ്ലിങ്ങിന് വേണ്ടിയും, റയിൽവേ ഓവർ ബ്രിഡ്ജിന് വേണ്ടിയും സ്ഥലം ഏറ്റെടുക്കുന്നു. ഈ രണ്ട് പദ്ധതിക്ക് വേണ്ടിയും ഭൂമി ഏറ്റെടുത്തതിന് ശേഷം കുറച്ച് ഭൂമി മാത്രം അവശേഷിക്കുന്നു. അത് കൂടി ഏറ്റെടുക്കണം. | LARR Act 2013 അനുസരിച്ച് സ്ഥലമെ ടുപ്പ് തഹസിൽദാർ തീരുമാനിക്കുന്നതായി രിക്കും. (KRDCL)<br>റികവസിഷൻ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ് (LAO) |

| | | | |
|---|---|---|---|
| **വാടകക്കാർ / തൊഴിലാളികൾ** | | | |
| 11 | ഉഷ | പദ്ധതി ബാധിതമാകുന്ന കേബിൾ വിഷൻ എന്ന സ്ഥാപനത്തിൽ വർഷങ്ങളായി തൊഴിൽ ചെയ്യുന്നു. തൊഴിലും ഉപജീവനവും നഷ്ടമാകുന്നു. അത് പരിഗണിക്കണം. | LARR Act 2013 അനുശാസിക്കുന്ന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. (LAO) |
| 12 | രാജേഷ് ബി.എൻ | ശിവദാസൻ എന്നയാളുടെ ഭൂമിയിൽ വർഷങ്ങളായി നടത്തി വരുന്ന സലൂൺ പദ്ധതി ബാധിതമാകുന്നു. ഒരു തൊഴിലാളിയുണ്ട്. മറ്റൊരു മാർഗ്ഗം കണ്ടെത്തുന്ന തിനുള്ള സമയവും ന്യായമായ നഷ്ട പരിഹാരവും ലഭ്യമാക്കണം. | LARR Act 2013 അനുശാസിക്കുന്ന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. (LAO) |
| **II.** | **ജനപ്രതിനിധികൾ** | | |
| 13 | അനൂപ്<br>വാർഡ് മെമ്പർ | പദ്ധതി നിലവിൽ വരുമ്പോൾ ഓട്ടോ സ്റ്റാൻറ് ബാധിക്കപ്പെടുന്നു. ഇത് ഓട്ടോ തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്നു. നഷ്ട പരിഹാരം നൽകുമ്പോൾ അവരെ കൂടി പരിഗണിക്കണം. | LARR Act 2013 അനുശാസിക്കുന്ന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. (LAO) |

** KRDCL – Kerala Rail Development Corporation Ltd.*    ** LAO - Land Acquisition Officer*

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

തൃശ്ശൂർ ജില്ലയിൽ ചെറുതുരുത്തിയെ, പൈങ്കുളം വില്ലേജുമായി ബന്ധിപ്പിക്കുന്ന ചെറുതുരുത്തി – പൈങ്കുളം റോഡിൽ സ്ഥിതി ചെയ്യുന്നതും, പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ റെയിൽവെ കിലോമീറ്റർ 1/800–850 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകളിൽ ഉൾപ്പെടുന്നതും, ചെറുതുരുത്തി വില്ലേജിൽ നിന്നുള്ളതുമായ സ്ഥലങ്ങളാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്നത്. മഹാകവി വള്ളത്തോൾ നാരായണ മേനോൻെറ സമാധിയും അദ്ദേഹം സ്ഥാപിച്ച കേരള കലാമണ്ഡലവും സ്ഥിതി ചെയ്യുന്ന ചെറുതുരുത്തി, വെട്ടിക്കാട്ടിരി ഗ്രാമങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്താണ് വള്ളത്തോൾനഗർ. മഹാകവിയുടെ സ്മരണാർത്ഥം ചെറുതുരുത്തി പഞ്ചായത്തിൻെറ പേര് വള്ളത്തോൾനഗർ എന്നാക്കി മാറ്റുകയായിരുന്നു. തൃശ്ശൂർ ജില്ലയുടെ അതിർത്തി പ്രദേശമാണ് വള്ളത്തോൾ നഗർ. നിളയുടെ തീരത്താണ് ഗ്രാമം സ്ഥിതി ചെയ്യുന്നത്. നിളക്ക് കുറുകെയുള്ള കൊച്ചി പാലം കടന്നാൽ പാലക്കാട് ജില്ലയാണ്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ചെറുതുരുത്തി വില്ലേജിൽ നിന്ന് 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും, പൊതുജനങ്ങൾക്കും ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ നൽകിയിട്ടുണ്ട്. അത് കൂടാതെ, വീടിന് സമീപത്ത് കൂടെ വീടിൻെറ ഉയരത്തിൽ മേൽപ്പാലം വരുമ്പോൾ അത് സമീപത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് ശബ്ദമലിനീകരണവും സ്വകാര്യത നഷ്ടപ്പെടുന്നതടക്കമുള്ള മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടായേക്കാം എന്ന ആശങ്ക പ്രകടിപ്പിച്ചു. ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ മറ്റ് പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ കേരള റെയിൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, ജനറൽ മാനേജർ സമർപ്പിച്ച അർത്ഥനാപത്രം പ്രകാരം 0.47 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠനസംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുമോ എന്ന ആശങ്ക ചില പ്രദേശവാസികൾക്ക് ഉണ്ട്.

### 4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തി ൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗൂണവും പ്രദേശവും

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ചെറുതുരുത്തി വില്ലേജിൽ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശി ക്കുന്നത്. പദ്ധതി പ്രദേശം വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകളിൽ ഉൾപ്പെടുന്നതും പ്രധാനമായും പുരയിടം വിഭാഗത്തിൽ പെടുന്നതുമാ കുന്നു. നിലം വിഭാഗത്തിൽ പെടുന്ന ഭൂമിയും കൂടാതെ, റെയിൽവെ ഭൂമിയും ഏറ്റെടു ക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളെല്ലാം നിലവിലുള്ള റോഡിനോട് ചേർന്ന് കിടക്കുന്നതൊ, സമീപത്തുള്ളതോ ആണ്. പദ്ധതി പ്രദേശങ്ങൾ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

### 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

**പദ്ധതി ബാധിത ഭൂമിയുടെ തരം**

ലഭ്യമായ വിവരം അനുസരിച്ച് പദ്ധതിബാധിത ഭൂമിയിൽ ഭൂരിഭാഗം സർവ്വെ നമ്പരുകളിലുള്ള ഭൂമിയും പുരയിടം വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. നിലം വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂമിയും ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. മൂന്ന് ഭൂവുടമകൾ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയിട്ടില്ല.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 14 ഭൂവുടമകൾ ഈ ഭൂമി താമസത്തിനായും, 4 പേർ കച്ചവടത്തിനായും ഉപയോഗിക്കുന്നു. ബാക്കി 4 പേർ തരിശ് ഭൂമിയായൊ വഴിയായൊ, താമസവും വ്യവസായവും ഒരുമിച്ചു ചെയ്യുന്നതിനൊ ഉപയോഗിച്ച് വരുന്നു.

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

വിവരം നൽകിയ പദ്ധതിബാധിത ഭൂവുടമകളിൽ, ഭൂരിഭാഗവും പദ്ധതി പ്രദേശത്ത് 5 സെൻറിൽ തഴെ ഭൂമിയുള്ളവരൊ (6), 5 സെൻറിനും 25 സെൻറിനും ഇടയിൽ (9) സ്ഥലമുള്ളവരൊ ആണ്. ഒരു ഭൂവുടമക്ക് മാത്രമാണ് പ്രദേശത്ത് 50 സെൻറിന് മുകളിൽ ഭൂമിയുള്ളത്. നാല് ഭൂവുടമകൾ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയിട്ടില്ല.

പദ്ധതിബാധിത ഭൂവുടമകളിൽ, 8 പേർ പദ്ധതിബാധിത സ്ഥലം വിവിധ കാലയളവുകളിലായി വാങ്ങിയതും, 10 പേർക്ക് തങ്ങളുടെ പൂർവ്വികരിൽ നിന്നും കൈവശമായതുമാണ്. എന്നാൽ, ഒരു കുടുംബത്തിന് അവർ വർഷങ്ങളായി താമസിക്കുന്ന സ്ഥലം ആരുടേതാണെന്ന് അറിയില്ല. മറ്റ് മൂന്ന് പദ്ധതിബാധിതർ റെയിൽവെ ഭൂമിയിലാണ് ഉപജീവന മാർഗ്ഗം നടത്തിവരുന്നത്.

ലഭ്യമായ വിവരം അനുസരിച്ച് 7 ഭൂവുടമകൾക്കാണ് വീട് ബാധിക്കുന്നത്. ഇതിൽ, മൂന്ന് കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നു. കുടിയൊഴിപ്പിക്കപ്പെടുന്ന ഒരു കുടുംബത്തിന് ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്നു. കൂടാതെ, വാടകക്ക് താമസിക്കുന്ന കുടുംബങ്ങളും

ഒഴിപ്പിക്കപ്പെടുന്നു. പദ്ധതി ബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ**

| ക്രമ നമ്പർ | ഉടമയുടെ പേര് | ആഘാതം | വിവരണം |
|---|---|---|---|
| 1 | തിത്തായികുട്ടി നമ്പ്രറത്ത് 89656806040 | പൂർണ്ണമായും | കുടിയൊഴിപ്പിക്കപ്പെടുന്നു. |
| 2 | ലത കെ.ബി മാരത്ത് ഹൗസ്, | 2 വീടുകൾ പൂർണ്ണമായും | വാടകക്കാർ താമസിക്കുന്നു. |
| 3 | വസന്ത, ഇഷ, കണ്ണംകാമരത്ത്, | പൂർണ്ണമായും | കുടിയൊഴിപ്പിക്കപ്പെടുന്നു. |
| 4 | സുജിത എ.കെ മേമ്പ്രത്ത് ഹൗസ്, 9446674435 (500/2-2) | ഭാഗികം | അടച്ചിട്ടിരിക്കുന്നു. |
| 5 | യൂസഫ് എം. എ., 9447919271 (501/4-5) | ഭാഗികം | കുടിയൊഴിപ്പിക്കപ്പെടുന്നു. |
| 6 | പ്രസന്ന, 97744416551 (509/PT-1) | ഭാഗികം | കുടുംബം താമസിക്കുന്നു. |
| 7 | ദിവ്യ, സദ്ഗമയ ഹൗസ്, 8113080910 (488/1) | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു. |

### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് സുരേന്ദ്രൻ ടി.ജി എന്ന ഭൂവുടമ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ റോഡിന് വേണ്ടി സ്ഥലം നൽകിയതായി അറിയിച്ചിട്ടുണ്ട്. മറ്റാരും തന്നെ, പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടത്തിയിട്ടില്ല.

# അദ്ധ്യായം – 5

# ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട ചെറുതുരുത്തി വില്ലേജിൽ നിന്നും ഏകദേശം 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന ഭൂവുടമയുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകൾ, ഉപജീവനത്തിനായോ താമസത്തിനായോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങൾ എന്നിവരെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും, അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ മറ്റേതെങ്കിലും രീതിയിൽ പദ്ധതി മൂലം ബാധിക്കപ്പെടുന്നവരെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

2026 മാർച്ച് 18–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 15, നമ്പർ 1274 ൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2026 മാർച്ച് 10–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/14423/2019 – E4 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട ചെറുതുരുത്തി വില്ലേജിൽ നിന്ന് 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. സർവ്വെ നടത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാത ങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | സർവ്വെ നമ്പർ | ഭൂവുടമയുടെ പേര്, വിലാസം, ഫോൺനമ്പർ | പ്രത്യാഘാതബാധിതമായേക്കാവുന്ന ചമയങ്ങൾ |
|---|---|---|---|
| 1 | 500/2-3 | വിവേക് എ.നായർ,<br>മേനോത്ത് ഹൗസ്,<br>തൃത്താല പി.ഒ., പാഞ്ഞാൾ<br>9446674435 | ചുറ്റുമതിൽ, പ്ലാവ്, മാവ്<br>തെങ്ങ് |
| 2 | 488/1-2 | സുരേന്ദ്രൻ റ്റി.ജി.,<br>തെക്കേവട്ടേക്കാട്ട് ഹൗസ്,<br>ചെറുതുരുത്തി പി.ഒ.,<br>9447389149 | കട (ഭാഗികം) ഷെഡ്<br>ടൈലിട്ട സ്ഥലം,<br>ചുറ്റുമതിൽ, ഗേറ്റ്, പ്ലാവ്,<br>തെങ്ങ് 2 |
| 3 | 509/2 Pt | ഖദീജ (late)<br>മേകച്ചേരിക്കുന്നത്ത് ഹൗസ്,<br>ചെറുതുരുത്തി പി.ഒ.,<br>8921765149/9847787108 | ചുറ്റുമതിൽ, വഴി |
| 4 | 509/2 Pt | മൈമൂന<br>മേകച്ചേരിക്കുന്നത്ത് ഹൗസ്,<br>ചെറുതുരുത്തി പി.ഒ.,<br>8921765149/9847787108 | കിണർ, ചുറ്റുമതിൽ, ഗേറ്റ്,<br>മാവ്, ടൈലിട്ട സ്ഥലം, |
| 5 | 489/2 | അബൂബക്കർ കെ.വി.<br>കണ്ടനംഗായി ഹൗസ്,<br>കായംകുളം റോഡ്,<br>ചെറുതുരുത്തി പി.ഒ., 9947490725 | വ്യവസായം പൂർണ്ണമായും,<br>ചുറ്റുമതിൽ, ഗേറ്റ്, മാവ്<br>തെങ്ങ്-6, കുരുമുളക്,<br>കവുങ്ങ് |
| 6 | 509/6 Pt | അബ്ദുൾ ഹമീദ്,<br>തൈതോടിക ഹൗസ്,<br>ചെറുതുരുത്തി പി.ഒ.,<br>8089606493/9847404204 | കിണർ, ചുറ്റുമതിൽ, ഗേറ്റ്,<br>ചെടികൾ, വാട്ടർ<br>കണക്ഷൻ |
| 7 | 509/ Pt-14 | ഗോദശർമ്മൻ<br>കരിപ്പാലമനക്കൽ<br>ചെറുതുരുത്തി പി.ഒ.,<br>9447162239 | ചുറ്റുമതിൽ, ഗേറ്റ്,<br>ടൈലിട്ട സ്ഥലം, തെങ്ങ്,<br>കുരുമുളക്, മാവ്, വേപ്പില,<br>മുരിങ്ങ, നെല്ലി, വാഴകൃഷി |
| 8 | 500/2-2 | സുജിത എ.കെ.,<br>അശോകൻ ഭാര്യ<br>മേനോത്ത് ഹൗസ്, തൃത്താല<br>9446674435 | വീട് ഭാഗികം, കിണർ<br>ചുറ്റുമതിൽ, ഗേറ്റ്, പ്ലാവ്,<br>മാവ് തെങ്ങ്, ഇരു<br>വശങ്ങളിലുമുള്ള ബാക്കി<br>സ്ഥലം ഉപയോഗ<br>ശൂന്യമാകുന്നു. |

| | | | |
|---|---|---|---|
| **9** | 759/1P | തിത്തായികുട്ടി, നമ്പ്രറത്ത് പുത്തൻപീടികയിൽ ഹൗസ്,. ചെറുതുരുത്തി പി.ഒ., 89656806040/6235599515 | വീട് പൂർണ്ണമായും, ശൗചാലയം, ചുറ്റുമതിൽ, ഗേറ്റ്, വാട്ടർ കണക്ഷൻ, മാവ്, ആര്യവേപ്പ് |
| **10** | 500/1-3 | ലത കെ.ബി, മാരത്ത് ഹൗസ്, കുന്നത്ത് ചെറുതുരുത്തി പി.ഒ. 9746625239 | 2 വീട് പൂർണ്ണമായും ഗേറ്റ്, ചുറ്റുമതിൽ, ശൗചാലയം, സെപ്റ്റിക്ക് ടാങ്ക്, കിണർ, പ്ലാവ്–1 മാവ്–1 തെങ്ങ്–1 |
| **11** | 501/4-5 | യൂസഫ് എം. എ., മാളിയേക്കൽ ഹൗസ് ചെറുതുരുത്തി പി.ഒ., 9447919271 | വീട് ഭാഗികം, ചുറ്റുമതിൽ, ഗേറ്റ്, ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നു. |
| **12** | 501/4-1 | ശ്രീദേവി എം., കുന്നത്ത് ഹൗസ്, പൈങ്കുളം ഗേറ്റ്, ചെറുതുരുത്തി പി.ഒ., 9562197767 | കിണർ |
| **13** | 509/PT-1 | മണികണ്ഠൻ, കോച്ചി വെള്ളുത്തേടത്ത് പറമ്പിൽ ഹൗസ്, ചെറുതുരുത്തി പി.ഒ., 9947236358 | സ്ഥലം |
| **14** | 343/5 | ശിവദാസൻ റ്റി.റ്റി. തെക്കേവട്ടക്കാട്ടിൽ ശിവപ്രീതി, ചെറുതുരുത്തി പി.ഒ., 9526387405 | വാടകക്ക് നൽകിയിരിക്കുന്ന 3 കടമുറികൾ ഭാഗികം |
| **15** | 488/1 | ദിവ്യ, സദ്ഗമയ ഹൗസ്, ചെറുതുരുത്തി പി.ഒ 8113080910 | വീട് ചെറിയ തോതിൽ, കാർ ഷെഡ്, ചുറ്റുമതിൽ, ഗേറ്റ്, പ്ലാവ്–1 മാവ്–1, തെങ്ങ്–1,പപ്പായ–1 |
| **16** | 509/PT-1 | പ്രസന്ന മുതൽപേർ വെള്ളുത്തേടത്തിൽ ഹൗസ്, ചെറുതുരുത്തി പി.ഒ 97744416551 | വീട് ഭാഗികം, |
| **17** | 509/8PT | വസന്ത കണ്ണംകാമരത്ത്, ചെറുതുരുത്തി പി.ഒ 9744403937 | വീട് പൂർണ്ണമായും, ചുറ്റുമതിൽ, ഗേറ്റ്, |

| | | | |
|---|---|---|---|
| **18** | 500/1 | തങ്കം w/o അനന്തൻ നായർ പടിഞ്ഞാറെ വട്ടേക്കാട്ട് ഹൗസ്, c/o ശ്രീകുമാർ, വൃന്ദാവനം ചെറുതുരുത്തി പി.ഒ, 8104744493/6282679031 | പറമ്പിൻെറ നടുവിലൂടെ വീടിനോട് ചേർന്ന് അലൈൻമെൻറ് പോകുന്നു. വീട് ബാധിക്കുമൊ എന്ന് ആശങ്കപ്പെടുന്നു. ഒരു വശത്തെ സ്ഥലം ഉപയോഗ ശൂന്യമാകും |
| **റെയിൽവേ പുറമ്പോക്ക് / കരം അടക്കാത്ത ഭൂമി** | | | |
| **19** | | മുഹമ്മദ് പടിക്കപറമ്പിൽ ഹൗസ്, ചെറുതുരുത്തി പി.ഒ., 94446517151 (9961115782) | ചായക്കട പൂർണ്ണമായും (റെയിൽവെ പുറമ്പോക്ക്) |
| **20** | | ഷറഫുദ്ദീൻ പടിക്കപറമ്പിൽ ഹൗസ്, ചെറുതുരുത്തി പി.ഒ., 9961115782 | പലചരക്ക് പച്ചക്കറി കട പൂർണ്ണമായും (റെയിൽവെ പുറമ്പോക്ക്) |
| **21** | | ഫാത്തിമ പടിക്കപറമ്പിൽ ഹൗസ്, ചെറുതുരുത്തി പി.ഒ., 9605080857 | കിണർ ഭാഗികം |
| **22** | | അബ്ദുൾ ലത്തീഫ് പടിക്കപ്പറമ്പിൽ, ചെറുതുരുത്തി 9961185575 | ബേക്കറി, സ്റ്റേഷനറി, കൂൾ ഡ്രിങ്ക്സ്/ചായ കട പൂർണ്ണമായി (2 ഷട്ടാർ) പോകും. |

### 5.1.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

### 5.1.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

### 5.1.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.1.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് ഏതെങ്കിലും ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്നത് നഗര പ്രദേശമല്ലെങ്കിലും, പ്രദേശത്ത് വർഷങ്ങളായി പട്ടയമില്ലാതെ താമസിക്കുന്ന ഒരു കുടുംബത്തിൻെറ കിണർ ബാധിക്കപ്പെടുന്നു.

**5.1.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

***പുറമ്പോക്ക് ഭൂമിയിൽ ഉപജീവനം നടത്തുന്നവർ***

റെയിൽവെ പുറമ്പോക്ക് ഭൂമിയിൽ 3 വർഷത്തിൽ അധികമായി കച്ചവടം നടത്തി വരുന്ന മുഹമ്മദ്, പടിക്കപറമ്പിൽ ഹൗസ്, 94446517151 (ചായക്കട), ഷറഫുദ്ദീൻ, പടിക്കപറമ്പിൽ ഹൗസ്, 9961115782 (പലചരക്ക് പച്ചക്കറി) എന്നിവരുടെ ഉപജീവന മാർഗ്ഗം പദ്ധതി മൂലം ബാധിക്കപ്പെടുന്നു.

***ഭൂവുടമ നടത്തുന്ന കെട്ടിടങ്ങളിലെ തൊഴിലാളികൾ***

പദ്ധതിബാധിതമാകുന്ന ഭൂമി വ്യാവസായിക / കച്ചവട ആവശ്യത്തിന് ഉപയോഗിച്ച് വരുമ്പോൾ അതിൽ 3 വർഷത്തിൽ അധികമായി ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം ബാധിക്കപ്പെടുന്നു.

| ക്രമ ന: | ഭൂവുടമ | പ്രവർത്തനം | തൊഴിലാളികൾ |
|---|---|---|---|
| 1 | സുരേന്ദ്രൻ ടി.ജി<br>9447389149 | ഹാർഡ് വെയർ ഹോൾസെയിൽ | 1. ഗീത സുരേന്ദ്രൻ<br>2. ഉമാദേവി<br>3. ഉണ്ണികൃഷ്ണൻ<br>4. അരുൺ<br>5. ഗീത വി.പി |
| 2 | അബൂബക്കർ കെ.വി.<br>9947490725 | ഹോളൊബ്രിക്സ് പ്രോഡക്ഷൻ യൂണിറ്റ് | 1. സുന്ദരൻ<br>2. സുനിൽ<br>3. ഹരിദാസൻ<br>4. സുരേഷ് |

***പദ്ധതിബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ***

ടി ഭൂമിയിൽ വാടകക്ക് 3 വർഷമോ അതിലധികമോ ആയി കച്ചവടം ചെയ്ത് ഉപജീവനം നടത്തുന്നവരും, പദ്ധതി ബാധിതമാകുന്ന വ്യാവസായിക/കച്ചവട സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഉണ്ട്. പ്രസ്തുത വാടകക്ക രുടെയും തൊഴിലാളിക ളുടെയും വിവരങ്ങൾ പട്ടിക 5.6.1.ൽ നൽകിയിരിക്കുന്നു.

പട്ടിക 5.1.2 പദ്ധതിബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ

| ക്രമ നം: | വാടകക്കാരൻ | പ്രവർത്തനം | തൊഴിലാളികൾ | ഉടമ |
|---|---|---|---|---|
| 1 | ധന്യ ശശികുമാർ 9847168685 | ശ്രീ കേബിൾ വിഷൻ, | പ്രസാദ് 9656654626 ഉഷ കെ.9744403937 | ശിവദാസൻ ടി.ടി (പ്രീതി) 9526387405 |
| 2 | ബഷീർ 9526264639 | ടൈലറിങ്ങ് ഷോപ്പ് | | |
| 3 | രാജേഷ് ബി.എൻ 9847945005 | ബാർബർ ഷോപ്പ് | സുരേഷ് 9846715401 | |
| 4 | സുകുമാരൻ പള്ളിയൽ വീട് 8606726563 | വീട് | | ലത കെ.ബി 9746625239 |

### 5.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ, 10 ഭൂവുടമകൾക്കാണ് ഭൂമി ഏറ്റെടുക്കുമ്പോൾ തെങ്ങ്, മാവ്, പ്ലാവ്, കവുങ്ങ്, ആര്യ വേപ്പ്, കുരുമുളക്, വേപ്പില, മുരിങ്ങ, നെല്ലി, പപ്പായ, വാഴകൃഷി തുടങ്ങിയവ തുടങ്ങിയ ബാധിക്കപ്പെടുന്നത്.

# അദ്ധ്യായം 6

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ തൃശ്ശൂർ ജില്ലയിൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ആണ്. വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, 2011 പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 26,133 പേരിൽ 12,466 പേർ പുരുഷന്മാരും, 13,667 പേർ സ്ത്രീകളുമാണ്. കൂടാതെ, 49.57% പേർ ഹിന്ദുമതത്തിലും, 48.78% മുസ്ലീം മതത്തിലും, 1.60% പേർ ക്രിസ്തുമതത്തിലും ഉൾപ്പെടുന്നു. ആകെ ജനസംഖ്യയിൽ 11.34% പേർ പട്ടിക ജാതി വിഭാഗത്തിൽപെട്ടവരും, 0.05% പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുമാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

ജനസംഖ്യാപരമായ വിവരം നൽകിയ 19 പദ്ധതിബാധിത കുടുംബങ്ങളിൽ, 5 കുടുംബങ്ങളിൽ അംഗങ്ങളുടെ എണ്ണം 1-3 ഇടയ്ക്കാണ്. എന്നാൽ, 3 കുടുംബങ്ങളിൽ 4-6 ഇടക്കും മറ്റ് 2 കുടുംബങ്ങളിൽ 6 ന് മുകളിലും അംഗങ്ങളുണ്ട്. ആകെയുള്ള കുടുംബാംഗങ്ങളിൽ, 49.3% പേർ സ്ത്രീകളും 50.7% പേർ പുരുഷന്മാരുമാണ്. കൂടാതെ, 16.9% പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 11.27% പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

ആകെയുള്ള 22 കുടുംബങ്ങളിൽ, 12 കുടുംബങ്ങൾ ഹിന്ദു മത വിഭാഗത്തിലും, ബാക്കി 10 കുടുംബങ്ങൾ മുസ്ലീം വിഭാഗത്തിലും പെടുന്നു. കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചാൽ, ഭൂരിഭാഗം (13) കുടുംബങ്ങളും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. എന്നാൽ 7 കുടുംബങ്ങൾ പൊതു വിഭാഗത്തിലും, രണ്ട് കുടുംബങ്ങൾ പട്ടിക ജാതി വിഭാഗത്തിലും ഉൾപ്പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിത കുടുംബങ്ങൾ പ്രധാനമായും ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്കുള്ള വെള്ള (10) അല്ലെങ്കിൽ നീല (2) നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. എന്നാൽ 5 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള പിങ്ക് കളർ (4) റേഷൻ കാർഡൊ, അതി ദരിദ്രർക്കുള്ള മഞ്ഞ (1) റേഷൻ കാർഡൊ കൈവശം ഉള്ളവരാണ്.

കൂലി, കച്ചവടം, വിദേശ ജോലി, കെട്ടിടത്തിൽ നിന്നുള്ള വാടക, സ്വയം തൊഴിൽ എന്നിവയാണ് കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 16.9% പേർ 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ, 11.3% പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ ഭൂവുടമകളിൽ, ഭൂരിഭാഗം ഭൂവുടമകളും (14) താമസത്തിനു വേണ്ടി പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചു വരുന്നു. എന്നാൽ 5 ഭൂവുടമകൾ കച്ചവട ആവശ്യത്തിനായും, ഒരു ഭൂവുടമ വ്യവസായിക ആവശ്യത്തിനും താമസത്തിനും ഒരുമിച്ചും പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചു വരുന്നു. എന്നാൽ, യാതൊരു പ്രവർത്തനവുമില്ലാതെ തരിശ്ശായി കിടക്കുന്ന ഭൂമിയും, വഴിയായി ഉപയോഗിക്കുന്ന സ്ഥലവും, ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. ചില ഭൂവുടമകൾക്ക് തെങ്ങ്, മാവ്, പ്ലാവ്, കവുങ്ങ്, കുരുമുളക്, വേപ്പില, മുരിങ്ങ, നെല്ലി, പപ്പായ, ഓമക്കായ തുടങ്ങിയ വിളകൾ നഷ്ടപ്പെടുന്നുണ്ട്. അതുമൂലം ചെറിയ വരുമാനം

നഷ്ടം ഉണ്ടാകാമെങ്കിലും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല. എന്നാൽ, പദ്ധതി ബാധിതമാകുന്ന വ്യാപാര സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങൾ ബാധിക്കപ്പെടുന്നതുമൂലം ഭൂവുടമകൾക്ക് വാടകയിനത്തിൽ ലഭിച്ചു കൊണ്ടിരുന്ന കുടുംബത്തിന്റെ ആകെ വരുമാനവും, വാടകക്കാർക്കും, സ്ഥാപങ്ങളിലെ തൊഴിലാളികൾക്കും തങ്ങളുടെ ഉപജീവന മാർഗ്ഗവും നഷ്ടപ്പെടും.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ നല്ലൊരു ഭാഗം കൂലി പണിക്കാരൊ, കച്ചവടക്കാരൊ ആണ്. കൂടാതെ, വിദേശത്തെ ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തെയും, വാടകയിനത്തിൽ ലഭിക്കുന്ന വരുമാനത്തേയും, സ്വയം തൊഴിലിൽ നിന്നുള്ള വരുമാനത്തേയും മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും പദ്ധതി പ്രദേശത്തുണ്ട്.

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും 2 വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

തൃശ്ശൂർ ജില്ലയിൽ ചെറുതുരുത്തിയെ പൈങ്കുളം വില്ലേജുമായി ബന്ധിപ്പിക്കുന്ന ചെറുതുരുത്തി – പൈങ്കുളം റോഡിൽ സ്ഥിതി ചെയ്യുന്നതും, ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിൽ, പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ റെയിൽവെ കിലോമീറ്റർ 1/800–850 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന, ചെറുതുരുത്തി വില്ലേജിൽ നിന്നുള്ള സ്ഥലങ്ങളാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്നത്. മഹാകവി വള്ളത്തോൾ നാരായണ മേനോൻെറ സമാധിയും അദ്ദേഹം സ്ഥാപിച്ച കേരള കലാമണ്ഡലവും സ്ഥിതി ചെയ്യുന്ന ചെറുതുരുത്തി, വെട്ടിക്കാട്ടിരി ഗ്രാമങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്താണ് വള്ളത്തോൾ നഗർ. മഹാകവിയുടെ സ്മരണാർത്ഥം ചെറുതുരുത്തി പഞ്ചായത്തിൻെറ പേര് വള്ളത്തോൾ നഗർ എന്നാക്കി മാറ്റുകയായിരുന്നു. തൃശ്ശൂർ ജില്ലയുടെ അതിർത്തി പ്രദേശമാണ് വള്ളത്തോൾ നഗർ. നിളയുടെ തീരത്താണ് ഗ്രാമം സ്ഥിതി ചെയ്യുന്നത്.

ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സെക്ഷൻ, പാലക്കാട് ഡിവിഷനിൽ ഉൾപ്പെടുന്ന വലിയ ഗതാഗത തിരക്കുള്ള, വലിയ സ്പീഡ് നിയന്ത്രണങ്ങളുള്ള ഒരു റെയിൽ പാതയാണ്. ഈ ഭാഗത്തെ ഒരു പ്രധാന ലെവൽ ക്രോസ്സിങ്ങ് ആണ് ലെവൽ ക്രോസ്സ് നമ്പർ 1. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയ്ക്കുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ ചെറുതുരുത്തിയെ പൈങ്കുളം വില്ലേജുമായി ബന്ധിപ്പിക്കുന്ന ചെറുതുരുത്തി – പൈങ്കുളം റോഡിൽ സ്ഥിതി ചെയ്യുന്നതും, പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ റെയിൽവെ കിലോമീറ്റർ 1/800–850 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടി തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് തൃശ്ശൂർ ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), തൃശ്ശൂർ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ സ്ഥാപനത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക്

സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/സ്ഥാപനത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

### 7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2026 മാർച്ച് 18–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 15, നമ്പർ 1274 ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCTSR/14423/2019 – E4 പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

### 7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

### 7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 8.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗ സ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേക തകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തി കളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാ തങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

## 8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

ബാധകമല്ല

## 8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 9.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, തൃശ്ശൂർ പദ്ധതിയുടെ പുനരധിവാസ – പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), തൃശ്ശൂർ ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 10

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 10.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

തൃശ്ശൂർ ജില്ലയിൽ ഷൊർണ്ണൂർ-വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്നതും, പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ റെയിൽവെ കിലോമീറ്റർ 1/800–850 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 1 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഷൊർണ്ണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ സെക്ഷൻ, പാലക്കാട് ഡിവിഷനിൽ ഉൾപ്പെടുന്ന വലിയ ഗതാഗത തിരക്കുള്ള, വലിയ സ്പീഡ് നിയന്ത്രണങ്ങളുള്ള ഒരു റെയിൽ പാതയാണ്. ഈ ഭാഗത്തെ ഒരു പ്രധാന ലെവൽ ക്രോസ്സിങ്ങ് ആണ് ലെവൽ ക്രോസ്സ് നമ്പർ 1. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തലപ്പിള്ളി വില്ലേജിൽ നിന്ന് ഏകദേശം 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും, കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും, വീട്, അവശ്യ സൗകര്യങ്ങൾ, ചുറ്റുമതിൽ, ഗേറ്റ് എന്നിവ നഷ്ടപ്പെടുകയും, ഉപജീവന മാർഗ്ഗം, വരുമാനം എന്നിവ ബാധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ, തെങ്ങ്, മാവ്, പ്ലാവ് ഉൾപ്പെടെയുള്ള ഫല വൃക്ഷങ്ങളും വാഴ, കുരുമുളക് തുടങ്ങി ഭൂവുടമകളുടെ വിളകളും ബാധിക്കപ്പെടുന്നുണ്ട്. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും റോഡ് ഓവർ ബ്രിഡ്ജിലൂടെയുള്ള ഗതാഗതം

സാധ്യമാക്കി, യാത്രികരുടെ സുരക്ഷാ സാധ്യതകൾ വർദ്ധിപ്പിച്ച്, ഇന്ധന – സമയ നഷ്ടങ്ങൾ ഒഴിവാക്കി, പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഭൂരിഭാഗം ഭൂവുടമകൾക്കും പൊതുജനങ്ങൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

## 10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജിൽ നിന്നും ഏകദേശം 0.47 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ  വിലയിരുത്തുമ്പോൾ, പദ്ധതി മൂലം 17 ഭൂവുടമകൾക്കും, പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുകയൊ ഉപജീവനം നടത്തുകയൊ ചെയ്യുന്ന 3 കുടുംബങ്ങൾക്കും, ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന വാടകക്കാർ, തൊഴിലാളികൾ എന്നിവർക്കും മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല ഗതാഗത തടസ്സമില്ലാതെ വേഗത്തിൽ റോഡിലൂടെ സഞ്ചരിക്കുന്നതിനും, ട്രെയിൻ ഗതാഗതമുൾപ്പെടെ സുഗമമാക്കുന്നതിനും ഈ പദ്ധതി പ്രയോജനപ്രദമാകും എന്നതിനാൽ പദ്ധതിബാധിത ഭൂവുടമകളിൽ എല്ലാ ഭൂവുടമകൾക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ  ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ ഭൂവുടമകൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകിയും താഴെ പറയുന്ന

നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതിക്ക് വേണ്ടി കുടിഒഴിയേണ്ടി വരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.

- പദ്ധതി മൂലം കിടപ്പാടവും ഉപജീവനമാർഗവും ഒരുമിച്ച് നഷ്ടമാകുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സമയാധിഷ്ടിതമായി പുനരധിവാസ-പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക.

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടുന്നതുമൂലം വരുമാനം നഷ്ടമാ കുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുന്ന ഘട്ടത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിക്ക് വേണ്ടി ഭൂമി വിട്ട് നൽകുമ്പോൾ, ബാക്കി വരുന്ന ഭൂമി ഉപയോഗ ശൂന്യമാകും എന്ന ഭൂവുടമയുടെ പരാതിയുടെ നിജസ്ഥിതി പരിശോദിച്ച്, ന്യായമാണെങ്കിൽ ഏറ്റെടുക്കൽ നടപടിക്ക് പരിഗണിക്കുക..
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ


1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. 2026 മാർച്ച് 18–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 15, നമ്പർ 1274 ൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2026 മാർച്ച് 10–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/14423/2019 – E4

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം

# അദ്ധ്യായം 11

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരുന്നത്. ആദ്യഘട്ടത്തിൽ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും വിലയിരുത്തുകയും, പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായ് 2026 ആഗസ്റ്റ് 18 തീയതിയിൽ ചൊവ്വാഴ്ച്ച പകൽ 11.00 മണിക്ക് വള്ളത്തോൾ നഗർ പഞ്ചായത്ത് ഹാളിൽ (ഷീ ലോഡ്ജ്) വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ ഉന്നയിച്ച ആശങ്കകൾ / ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി..

### 11.2.ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട തലപ്പിള്ളി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക.

- പദ്ധതിക്ക് വേണ്ടി കുടിഒഴിയേണ്ടി വരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ–പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.

- പദ്ധതി മൂലം കിടപ്പാടവും ഉപജീവനമാർഗവും ഒരുമിച്ച് നഷ്ടമാകുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സമയാധിഷ്ടിതമായി പുനരധിവാസ–പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക.

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടുന്നതുമൂലം വരുമാനം നഷ്ട മാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം തടസ്സ പ്പെടുന്ന ഘട്ടത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണ ങ്ങൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിക്ക് വേണ്ടി ഭൂമി വിട്ട് നൽകുമ്പോൾ, ബാക്കി വരുന്ന ഭൂമി ഉപയോഗ ശൂന്യമാകും എന്ന ഭൂവുടമകളുടെ പരാതിയുടെ നിജസ്ഥിതി പരിശോദിച്ച്, ന്യായമാണെങ്കിൽ ഏറ്റെടുക്കൽ നടപടിക്ക് പരിഗണിക്കുക..
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടി കൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്ര ണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാ മസം കൂടാതെ നടപ്പിലാക്കുക

### 11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാ പനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD

പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ സമീപത്തുള്ള വസ്തുവകകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടാതിരുക്കുന്നതിനായി സർവ്വീസ് റോഡുകൾ ഉണ്ടായിരിക്കും.

**11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുളളത് എന്ന് പഠനസംഘം വിലയിരുത്തുന്നു. പദ്ധതിയുടെ രൂപരേഖയിൽ മറ്റ് മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല.

**11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ

ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ / കുടി ഒഴിപ്പിക്കപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | കുടി ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ, കുടുംബങ്ങളുടെ സുരക്ഷിതമായ താമസം ഉറപ്പ് വരുത്തികൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനരധിവാസ നടപടികൾ |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാ രിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം നഷ്ടമാകൽ | “FCTLAR“ നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജ് നൽകുക | | കുടുംബങ്ങളുടെ ഉപജീവന മാർഗത്തിന് ഭംഗം നേരിടാതിരിക്കുന്നതിന് മതിയായ പരിഗണന നൽകുക. ജില്ലാ ഭരണകൂടവുമായി ആലോചിച്ച് സാധ്യമായ പുനരധിവാസ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. |
| 4 | വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരമുള്ള പുനരധിവാസ- പുന:സ്ഥാപന പാക്കേജ് നൽകുക | | വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന. |

| | | | | |
|---|---|---|---|---|
| 6 | ഗതാഗത തടസ്സം / പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ വസ്തുവിലേക്ക് മതിയായ പ്രവേശന മാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 7 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായുംനീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 8 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**11.7.സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല